# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 23 | 27-06-2011- ൽ മറുപടിയ്ക്ക്

## കാര്യക്ഷമതയുള്ള സിവിൽ സർവ്വീസ് നിലനിർത്തുന്നതിനായി നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എം. ഹംസ** | | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) കാര്യക്ഷമതയുള്ള സിവിൽ സർവ്വീസ് നിലനിർത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കാര്യക്ഷമത വർദ്ധിപ്പിയ്ക്കാനുള്ള നടപടികൾ സർക്കാർ ആലോചിച്ചു വരുന്നു. |
| ബി) എത്ര ഭരണപരിഷ്കാര കമ്മീഷനുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുകയുണ്ടായി; | (ബി) | കേരള സംസ്ഥാന രൂപീകരണ ശേഷം. 1957 ൽ ശ്രീ. ഇ.എം.എസ് നമ്പൂതിരിപ്പാട് ചെയർമാനായും 1965 ൽ ശ്രീ. എം.കെ. വെള്ളോടി, ഐ.സി.എസിന്റെ നേതൃത്വത്തിലും, 1997 ൽ ശ്രീ. ഇ.കെ. നായനാർ ചെയർമാനായും മൂന്ന് ഭരണ പരിഷ്കാര കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. |
| സി) പ്രസ്തുത കമ്മീഷനുകളുടെ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;<br><br>ഡി) പ്രസ്തുത നിർദ്ദേശങ്ങളിൽ ഏതെല്ലാം നാളിതുവരെ നടപ്പിൽ വരുത്തിയിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (സി) യും ഡി) യും | <u>ഒന്നാമത്തെ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ</u><br>1. വില്ലേജ് പഞ്ചായത്തുകളുടെ രൂപീകരണം<br>2. താലൂക്ക് കൗൺസിലുകളുടെ രൂപീകരണത്തിലൂടെ റവന്യൂ വികസന പ്രവർത്തനങ്ങളുടെ ഏകോപനം |

3. ജില്ലാ കൗൺസിലുകളുടെ രൂപീകരണം
4. വകുപ്പ് തലവൻമാർക്കും അവരുടെ കീഴിലുള്ളവർക്കും അധികാരം വിഭജിച്ചു നൽകൽ
5. സെക്രട്ടേറിയറ്റിലെ ജോലി നയരൂപീകരണം മാത്രമായി നിജപ്പെടുത്തണം
6. സർവ്വീസിൽ സംവരണത്തിനുള്ള മാനദണ്ഡം സാമ്പത്തിക പിന്നോക്കാവസ്ഥ ആയിരിക്കണം
7. ചിലവ് ചുരുക്കൽ നടപടികൾ എല്ലാ പ്രധാന വകുപ്പുകളിലും സാമ്പത്തിക ഉപദേഷ്ടാവിനെ നിയോഗിക്കുക
8. നയരൂപീകരണത്തിന്റെ ഉത്തരവാദിത്വം വകുപ്പ് മന്ത്രിക്കായിരിക്കണം
9. സന്ദർശകർക്ക് ഉദ്യോഗസ്ഥരെ സന്ദർശിക്കാൻ സൗകര്യം ഒരുക്കണം

<u>രണ്ടാമത് കമ്മിറ്റിയുടെ ശുപാർശകൾ</u>

1. പഞ്ചായത്തീ രാജിനെ ശാക്തീകരിക്കൽ
2. വികസനാത്മക പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള ചുമതലകൾ താലൂക്ക് പഞ്ചായത്തുകൾക്കും നിർദ്ദേശങ്ങൾ നൽകാനുള്ള ചുമതല ജില്ലാ പഞ്ചായത്തുകൾക്കും നൽകപ്പെടണം
3. ജില്ലാ കളക്ടർമാർ ജില്ലാതലത്തിലെ ഗവൺമെന്റിന്റെ പ്രതിനിധി എന്ന നിലയിൽ പ്രവർത്തിക്കണം

4. ചില വകുപ്പുകൾ ലയിപ്പിക്കാൻ പുന: സംഘടിപ്പിക്കാൻ ഉള്ള നിർദ്ദേശം

5. വകുപ്പ് തലവൻമാർക്ക് ഫയലുകൾ നേരിട്ട് ചീഫ്സെക്രട്ടറിക്കും മന്ത്രിമാർക്കും അയച്ചുകൊടുക്കുവാനുള്ള "സെക്രട്ടറിയേറ്റ് സ്റ്റാറ്റസ് " നൽകപ്പെടണം

6. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെ സെക്രട്ടറിയുടെ നിയന്ത്രണത്തിൽ ഫിനാൻസ് വിഭാഗം ഉണ്ടാകണം

7. പ്രൊമോഷൻ അർഹിക്കുന്നത് ആരൊക്കെ എന്നതിന്റെ അടിസ്ഥാനത്തിൽ ഡിപ്പാർട്ട്മെന്റ് ഗ്രൂപ്പുകൾ തിരിച്ച് മിനിസ്റ്റീരിയൽ കേഡറിലെ നിയമനം നടത്തപ്പെടണം

8. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ രൂപീകരണം

9. എല്ലാ വകുപ്പുകളിലും സ്റ്റാഫ് കൗൺസിലുകൾ രൂപീകരിക്കപ്പെടണം

10. അച്ചടക്കവും സമയനിഷ്ഠയും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തണം

11. വകുപ്പ് തലവൻമാരുടെ ഓഫീസുകളിൽ. പത്ത് തപാലുകൾ ജില്ലാ ഓഫീസുകളിൽ 12 തപാലുകൾ. ഉപജില്ലാ ഓഫീസുകളിൽ 15 തപാലുകൾ എന്നിങ്ങനെ ജോലിഭാരം ക്രമീകരിക്കണം

12. വകുപ്പിന്റെ കാര്യക്ഷമത അതിന്റെ ചിലവുകളെമാത്രം അടിസ്ഥാനമാക്കി അനുമാനിക്കപ്പെടരുത്
13. ഒരുലക്ഷം രൂപവരെ ചിലവുവരുന്ന പദ്ധതികൾ അനുവദിക്കാനുള്ള സ്വാതന്ത്ര്യം വകുപ്പ് തലവൻമാർക്ക് നല്ലപ്പെടണം
14. അക്കൗണ്ടന്റ് ജനറലിന്റെ അനുവാദം കൂടാതെ ശമ്പളം എഴുതിയെടുക്കാനുള്ള സ്വാതന്ത്ര്യം ഗസറ്റഡ് ഓഫീസർമാർക്ക് നൽകപ്പെടണം
15. കൂടാതെ എല്ലാ വകുപ്പുകളിലും ജീവനക്കാരുടെ എണ്ണം കുറയ്ക്കാനുള്ള നടപടികൾ കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്നു.

മൂന്നാമത് ഭരണപരിഷ്കാര കമ്മിറ്റി 1[illegible] റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടുകളിലെ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു;

<u>ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

1. പൗരാവകാശ പത്രിക (Citizen Charter)
2. സുതാര്യതയും അറിയുവാനുള്ള അവകാശവും
3. പൊതുജന പരാതി പരിഹാരം
4. അധികാര വികേന്ദ്രീകരണവും ഭരണപരിഷ്കാരവും
5. മോണിറ്ററിംഗ്

<u>രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

സർക്കാർ ഉദ്യോഗസ്ഥരുടെ ഹാജർ നിരീക്ഷണ നിയന്ത്രണം ; Punching)

<u>മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

1. ധനപരമായ പരിഷ്കാരങ്ങൾ
2. ഭരണവകുപ്പിന്റെയും വകുപ്പദ്ധ്യക്ഷന്മാരുടെയും നിലവിലുള്ള ധനപരമായ അധികാരം വർദ്ധിപ്പിക്കുക
3. സാമ്പത്തിക നിയന്ത്രണം ലഘൂകരിക്കുക

<u>നാലാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

1. കഴിവ് മെച്ചപ്പെടുത്തൽ
2. നിയമനസ്ഥാന നിർണ്ണയം
3. അച്ചടക്കം

<u>അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

റവന്യൂ, ലാന്റ് ബോർഡ്, രജിസ്ട്രേഷൻ, സർവേ ആന്റ് ലാന്റ് റിക്കാർഡ്, സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളുടെ പ്രത്യേക ഭരണ പരിഷ്കാരങ്ങൾ

<u>ആറാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ശമ്പളവുമായി ബന്ധപ്പെട്ട കാര്യങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുന്നത് സംബന്ധിച്ച്

<u>ഏഴാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

സംസ്ഥാന നിയമ കമ്മീഷൻ രൂപീകരണം- കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കാനും പരിഷ്കരിക്കാനും ലളിതമാക്കാനും വേണ്ടി ഒരു ലോ കമ്മീഷൻ രൂപീകരിക്കുക

<u>എട്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

പട്ടികജാതി/പട്ടിക വർഗ്ഗ, കിർത്താഡ്സ്, സോഷ്യൽ വെൽഫയർ എന്നീ വകുപ്പുകളിലെ ഭരണ പരിഷ്കാരങ്ങൾ

<u>ഒമ്പതാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

ഉദ്യോഗസ്ഥ തല പരിഷ്കാരങ്ങൾ - സ്റ്റേറ്റ് സിവിൽ സർവ്വീസ്, സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എന്നിവ ശുപാർശകൾ

<u>പത്താമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

പൊതുമരാമത്ത് പ്രവർത്തനത്തിന്റെ നവീകരണം

<u>പതിനൊന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

സർക്കാരും പൊതുമേഖലാസ്ഥാപനങ്ങളും തമ്മിലുള്ള അനുരഞ്ജനം.

<u>പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

ആരോഗ്യമേഖലയിലെ വികസനം

<u>പതിമൂന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

അധികാരവികേന്ദ്രീകരണം സംബന്ധിച്ച സ്ഥാപന വൽക്കരണ ശുപാർശകൾ

<u>പതിനാലാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

സെക്രട്ടേറിയറ്റ് പരിഷ്കാരം

<u>പതിനഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾ</u>

സർക്കാർ നവീകരണം

ഇതിൽ 1,2,3,4,6,7,8,10,11,12,13 നമ്പരുകളായുള്ള റിപ്പോർട്ടുകളിലെ മിക്ക ശുപാർശകളും സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയുടെ നടപ്പാക്കൽ വിവിധ ഘട്ടങ്ങളിലാണ്.

**(ഇ)** അവശേഷിക്കുന്നത് എന്തെല്ലാം; അത് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**(ഇ)** റവന്യൂ, ലാന്റ് ബോർഡ്, രജിസ്ട്രേഷൻ, സർവേ ആന്റ് ലാന്റ് റിക്കാർഡ്സ്, സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളുടെ പ്രത്യേക ഭരണ പരിഷ്കാരങ്ങൾ സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾ, ഉദ്യോഗസ്ഥതല പരിഷ്കാരം സംബന്ധിച്ച ഒൻപതാമത് റിപ്പോർട്ടിലെ ശുപാർശകൾ, സെക്രട്ടേറിയറ്റ് പരിഷ്കാരം സംബന്ധിച്ച് പതിനാലാമത് റിപ്പോർട്ടിലെ ശുപാർശകൾ, സർക്കാർ നവീകരണം സംബന്ധിച്ച പതിനഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾ എന്നിവ ഇനിയും നടപ്പാക്കാനുണ്ട്. ഇവ സർക്കാർ പരിശോധിച്ചു വരുന്നു.

**(എഫ്)** ഫയലുകൾ കെട്ടിക്കിടക്കുക, തീരുമാനം എടുക്കുന്നത് വൈകിക്കുക എന്നിവ ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

**(എഫ്)** സെക്രട്ടേറിയറ്റിലെ ഫയലുകളിലെ കാലതാമസവും കുടിശ്ശികയും ഒഴിവാക്കുന്നതിലേക്കായി കേരളാ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ 218(14) ഖണ്ഡികയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻപ്രകാരം പ്രതിമാസ സ്റ്റാഫ് മീറ്റിംഗുകൾ കൂടി വിഷയങ്ങൾ അവലോകനം ചെയ്ത് മുഖ്യമന്ത്രിയ്ക്ക് റിപ്പോർട്ട് നല്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലെയും വകുപ്പ് തലവൻമാരുടെയും ഓഫീസുകളിൽ നിന്നും പ്രതിമാസ പ്രവർത്തനാവലോകന പത്രിക വാങ്ങി റിവ്യൂ നടത്തി ആവശ്യമായ നിർദ്ദേശം അതിലൂടെ ബന്ധപ്പെട്ടവർക്ക് നല്കുകയും ചെയ്യുന്നു.

| | |
|---|---|
| (ജി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ അധികാര വികേന്ദ്രീകരണം നടപ്പാക്കി സമയനഷ്ടം, സാമ്പത്തിക നഷ്ടം എന്നിവ ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ; | (ജി) നിലവിലുള്ള നിയമങ്ങളുടെ നടപ്പാക്കലിലൂടെ തന്നെ സമയനഷ്ടം, സാമ്പത്തിക നഷ്ടം എന്നിവ ഒഴിവാക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ